**കേരള നിയമസഭ**
**21.06.2013-ലെ മറുപടിക്ക്**

<u>പഞ്ചായത്ത് വകുപ്പ് ശാക്തീകരിക്കാൻ നടപടി</u>

3139 ശ്രീ. ലൂഡി ലൂയിസ്
,, എം. എ. വാഹീദ്
,, ഷാഫി പറമ്പിൽ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിന്റെ ശാക്തീകരണത്തിന് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തത്; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിച്ചത്; വിശദമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിൽ എന്തെല്ലാം പുരോഗതി നേടിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

ജൈവവൈവിധ്യ രജിസ്റ്റർ

3140 ശ്രീ.കെ. അച്ചുതൻ
'' പി. എ.മാധവൻ
'' ഷാഫി പറമ്പിൽ
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കാൻ എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തത്;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിച്ചത്;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിൽ എന്തെല്ലാം പുരോഗതികൾ നേടിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**21.06.2013-ലെ മറുപടിക്ക്**

ഗ്രാമസഭകളുടെ പ്രവർത്തനം

3141 ശ്രീ. എ. റ്റി. ജോർജ്
'' പാലോട് രവി
'' പി. സി. വിഷ്ണുനാഥ്
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമ യാത്രകളും, വിശേഷാൽ ഗ്രാമസഭകളും വിജയകരമാക്കാൻ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തത്;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിച്ചത്;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം പുരോഗതികൾ നേടിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കാത്ത പഞ്ചായത്തുകൾ</u>

3142 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾക്ക് അനുവദിച്ചിരുന്ന പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട്; ആലപ്പുഴ ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളാണ് ഇപ്രകാരം ഫണ്ട് വിനിയോഗിക്കാത്തത്; വ്യക്തമാക്കുമോ;

(ബി) തുക പൂർണ്ണമായും വിനിയോഗിക്കാത്ത പഞ്ചായത്തുകൾ എന്തുകൊണ്ടാണ് ഫണ്ട് പാഴാക്കിയിട്ടുള്ളതെന്നും, ഫണ്ടുകൾ വിനിയോഗിക്കാത്ത പഞ്ചായത്തുകൾക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ കാര്യക്ഷമമായ പദ്ധതി നിർവ്വഹണം</u>

3143 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പഞ്ചായത്തു പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹിക്കാൻ സാങ്കേതിക വിഭാഗം ജീവനക്കാരെ പഞ്ചായത്തുകളിൽ നിയമിക്കുന്നത് ഏതു ഘട്ടത്തിലാണ്;

(സി) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നത് ഏത് ഏജൻസിയാണ്; ഇതിന് ഓരോ പഞ്ചായത്തും എത്ര രൂപയാണ് നൽകേണ്ടത്; ഈ സോഫ്റ്റ്‌വെയർ എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

പഞ്ചായത്തുകള്‍ക്ക് റ്റി.എസ്.പി, എസ്.സി.പി ഫണ്ട്

3144 ശ്രീ.എ.കെ.ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2011-12, 2012-13 സാമ്പത്തിക വര്‍ഷങ്ങളിലെ പഞ്ചായത്തുകള്‍ക്കുള്ള പ്ലാന്‍ഫണ്ട് വിഹിതം എത്രയായിരുന്നു; എന്ത് തുകയാണ് ചെലവഴിച്ചത്;

(ബി) 2013-14 സാമ്പത്തിക വര്‍ഷത്തെ പ്ലാന്‍ഫണ്ട് വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) 2012-13 വരെ ചെലവഴിക്കാതെ അവശേഷിച്ചിരുന്ന പഞ്ചായത്തുകളിലെ റ്റി.എസ്.പി,എസ്.സി.പി ഫണ്ട് എത്ര; വ്യക്തമാക്കുമോ;

(ഡി) 2011-12, 2012-13 സാമ്പത്തിക വര്‍ഷങ്ങളിലെ പഞ്ചായത്തുകള്‍ക്കുള്ള റ്റി.എസ്.പി, എസ്.സി.പി ഫണ്ട് എത്രയായിരുന്നു; എന്ത് തുകയാണ് ചെലവഴിച്ചത്; ആകെ ഉണ്ടായിരുന്ന റ്റി.എസ്.പി, എസ്.സി.പി ഫണ്ടിന്റെ എത്ര ശതമാനമാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

ത്രിതല പഞ്ചായത്തുകൾക്ക് ലോക ബാങ്ക് സഹായം

3145 ശ്രീ.ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾ വഴി ജനങ്ങൾക്കു ലഭ്യമാകുന്ന സേവനങ്ങൾ ഊർജ്ജിതവും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിക്ക് ലോക ബാങ്ക് ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുകയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ലോകബാങ്ക് സഹായത്തിനുള്ള അപേക്ഷ ഇന്ത്യാ ഗവൺമെന്റ് മുഖേന സമർപ്പിച്ചതെന്നാണ്;

(സി) ഇപ്രകാരം സംസ്ഥാനത്തിന് ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് ലോകബാങ്ക് ധനസഹായമാണോ, വായ്പയാണോ;

(ഇ) വായ്പയാണെങ്കിൽ തിരിച്ചടവു രീതിയെങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്;

(എഫ്) പ്രസ്തുത തുകയുടെ വിനിയോഗത്തിനായി തയ്യാറാക്കിയിട്ടുള്ള രൂപരേഖയെന്ത്?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

വനിതാ വികസന കോർപ്പറേഷൻ മുഖേന നൽകിയ വായ്പകൾ

3146 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വഴി വനിതകൾക്ക് സ്വയംതൊഴിൽ നൽകുന്ന പദ്ധതിക്ക് 2011-12 ലും 2012-13 ലും ഏതെല്ലാം ഏജൻസികളിൽ നിന്നും ധനസമാഹരണം നടത്തി വായ്പ നൽകിയെന്നു വ്യക്തമാക്കുമോ;

(ബി) 2011-12, 2012-13 എന്നീ കാലയളവിൽ വിതരണം ചെയ്ത തുക എത്ര;

(സി) എത്ര ശതമാനം പലിശയ്ക്കാണു വായ്പ വിതരണം ചെയ്യുന്നത്;

(ഡി) എത്ര ഗുണഭോക്താക്കർക്ക് വായ്പ വിതരണംചെയ്തിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഇ) വിതരണം ചെയ്യുന്ന പരമാവധി വായ്പ തുക എത്രയാണെന്നു വ്യക്തമാക്കുമോ;

(എഫ്) 2011-12 ലും, 2012-13 ലും പരമാവധി വായ്പാതുക എത്ര പേർക്ക് നൽകിയിട്ടുണ്ട്; ഓരോരുത്തരും സമർപ്പിച്ച പദ്ധതിയെന്താണ്; പ്രസ്തുത വായ്പ ലഭിച്ചവരുടെ പേരും മേൽവിലാസവും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതം

3147 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് ആകെ അനുവദിച്ച പദ്ധതി വിഹിതം എത്രയെന്നും അതിൽ എസ്.സി.പി., റ്റി.എസ്.പി. വിഹിതം എത്രയെന്നും വർഷം തിരിച്ച് വിശദീകരിക്കാമോ;

(ബി) 2011-12 വർഷത്തിൽ പദ്ധതിവിഹിതത്തിൽ ഗ്രാമപഞ്ചായത്തുകൾ ജനറൽ, എസ്.സി.പി., റ്റി.എസ്.പി. വിഹിതത്തിൽ ചെലവാക്കിയ തുകയെത്ര; വിശദമാക്കുമോ;

(സി) 2012-13 വർഷത്തിൽ പദ്ധതി വിഹിതമിനത്തിൽ ഗ്രാമപഞ്ചായത്തുകൾ, ജനറൽ, എസ്.സി.പി., റ്റി.എസ്.പി. വിഹിതത്തിൽ ചെലവാക്കിയ തുകയെത്ര; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

പഞ്ചായത്തുകളിലെ എൽ. ഡി. സി, യു. ഡി. സി. അനുപാതം

3148

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുവകുപ്പിൽ 1:1 അനുപാതത്തിൽ എൽ. ഡി. സി. മാരുടേയും യു. ഡി. സി. മാരുടേയും എണ്ണം നിജപ്പെടുത്തിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ 1:1 അനുപാതത്തിൽ എണ്ണം നിജപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി</u>

3149 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മുഖേന ഇപ്പോൾ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു; വിശദമാക്കുമോ;

(ബി) കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്;

(സി) 2011 ജൂലായ് 1-ാം തീയതി മുതൽ 2013 മാർച്ച് മാസം വരെ കുടുംബശ്രീക്കായി എത്ര രൂപയുടെ ഫണ്ട് അനുവദിച്ചു;

(ഡി) പ്രസ്തുത കാലയളവിൽ കുടുംബശ്രീയ്ക്കായി കേന്ദ്ര ധനസഹായം എത്ര ലഭ്യമായി; വിശദാംശം വാർഷികാടിസ്ഥാനത്തിൽ നൽകാമോ;

(ഇ) കുടുംബശ്രീ സംവിധാനം ശക്തമാക്കുന്നതിനായുള്ള എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(എഫ്) 13-ാം പദ്ധതി വിഹിതത്തിൽ 2013-2014 കാലത്ത് എത്ര രൂപ ധനസഹായമായി കുടുംബശ്രീയ്ക്ക് അനുവദിച്ചു; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**21.06.2013-ലെ മറുപടിക്ക്**

<u>ബഡ്സ് സ്കൂളുകൾ</u>

3150 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബഡ്സ് സ്കൂളുകൾക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങളും സഹായങ്ങളും എന്തെല്ലാം; വിശദമാക്കാമോ;

(ബി) ബഡ്സ് സ്കൂളുകൾ അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ;

(സി) പട്ടിക ജാതി പിന്നോക്ക വിഭാഗ മേഖലയായ പുളിമാത്ത് പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ച ബഡ്സ് സ്കൂളിന് വാഹനമനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>പോഷകാഹാരനയം</u>

3151 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോഷകാഹാരനയം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പോഷകാഹാരനയം രൂപീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>കില-യെ കല്പിത സർവ്വകലാശാല ആക്കുന്നതിന് നടപടി</u>

3152 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'കില'-യെ കല്പിത സർവ്വകലാശാലയായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) 'കില' -യെ കല്പിതസർവ്വകലാശാല ആക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>സ്കൂൾ പരിസരത്തെ പാൻമസാല വിൽപ്പന</u>

T-3153 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൻമസാലയും, ഗുഡ്കയും പോലുള്ള ലഹരി വസ്തുക്കൾ സ്കൂൾ പരിസരത്ത് വിൽക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു;

(ബി) ആയതു സംബന്ധിച്ചുള്ള നിയമം കർശനമായി നടപ്പിലാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>പളളിക്കൽ പഞ്ചായത്ത് പ്രസിഡണ്ട്, ഓഫീസിൽ പുണ്യാഹം തളിച്ചതിനെതിരെ നടപടി</u>

T-3154 ശ്രീ. ഇ. പി. ജയരാജൻ
,, രാജു എബ്രഹാം
,, പുരുഷൻ കടലുണ്ടി
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി അധികാരമേറ്റ പളളിക്കൽ പഞ്ചായത്ത് പ്രസിഡന്റ്, ഓഫീസിൽ പുണ്യാഹം തളിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു;

(സി) അയിത്താചരണം നടത്തുന്നവർക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

ചൈൽഡ് റൈറ്റ്സ് കമ്മീഷൻ ആരംഭിക്കാൻ നടപടി

3155 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശിശുക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ചൈൽഡ് റൈറ്റ്സ് കമ്മീഷൻ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനായി ബഡ്ജറ്റിൽ എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(ബി) ഇതിൽ എന്ത് തുക ചെലവഴിച്ചുവെന്നും ഇത് എന്തിനൊക്കെയായിരുന്നു ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>വനിതാകമ്മീഷന്റെ റിപ്പോർട്ട്</u>

3156 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനിതാ കമ്മിഷനിൽ 2011-12, 2012-13 എന്നീ കാലയളവിൽ ലഭിച്ച ആകെ പരാതികൾ എത്ര;

(ബി) ഈ കാലയളവിൽ വനിതാകമ്മീഷൻ എത്ര അദാലത്തുകൾ നടത്തി; എവിടെയൊക്കെ;

(സി) മുൻ വർഷങ്ങളെ അപേക്ഷിച്ച് വനിതാ കമ്മീഷനിൽ ലഭിക്കുന്ന പരാതികളുടെ എണ്ണത്തിൽ പ്രതിവർഷം എത്രമാത്രം വർദ്ധനവുണ്ടെന്ന് കഴിഞ്ഞ 10 വർഷത്തെ താരതമ്യ പഠന പട്ടിക മുഖേന ലഭ്യമാക്കുമോ;

(ഡി) വനിതാ കമ്മീഷനിൽ ലഭിക്കുന്ന പരാതികളിൽ 2011-12 ലും 2012-13 ലും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ മാനസികവും ശാരീരികമായും ഉപദ്രവിച്ചതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ഇ) പെൺകുട്ടികൾക്കു നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങളോ റിപ്പോർട്ടുകളോ വനിതാ കമ്മീഷൻ ഗവൺമെന്റിനു നൽകിയിട്ടുണ്ടോ; ഗവൺമെന്റ് അതിൻമേൽ സ്വീകരിച്ച നടപടിയെന്ത്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാന ശിശു അവകാശ സംരക്ഷണ കമ്മീഷൻ നിയമനം</u>

T-3157 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശിശു അവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ തസ്തികയിലേയ്ക്കുള്ള അപേക്ഷകരെ ഇന്റർവ്യൂ ചെയ്യാനായി രൂപീകരിച്ച സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണ്;

(ബി) 2013 ഏപ്രിൽ 15 ന് പ്രസ്തുത തസ്തികയിലേയ്ക്ക് തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ നടത്തിയ കൂടിക്കാഴ്ചയിൽ ഏതൊക്കെ അപേക്ഷകർ പങ്കെടുത്തു എന്നറിയിക്കുമോ;

(സി) മുൻ ചീഫ് സെക്രട്ടറി ശ്രീമതി നീലാ ഗംഗാധരനെ ചെയർപേഴ്സൺ തസ്തികയിൽ യോഗ്യതാമാനദണ്ഡങ്ങൾ പാലിക്കാതെ നിയമിച്ചു എന്ന് ചൂണ്ടിക്കാട്ടി സാമൂഹിക നീതി വകുപ്പ് മന്ത്രിക്കും ഇന്റർവ്യൂ ബോർഡ് അംഗങ്ങൾക്കും എതിരെ സംസ്ഥാന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് പരാതി ലഭിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(ഡി) 15.04.2013-ൽ സാമൂഹ്യനീതി വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ സമിതി ഇന്റർവ്യൂ നടത്തി തയ്യാറാക്കിയ പ്രസ്തുത തസ്തികയിലേക്കുള്ള പാനൽ എന്നാണ് പ്രസിദ്ധീകരിച്ചത് എന്നും പ്രസ്തുത പാനലിൽ ആരൊക്കെ ഉൾപ്പെട്ടിട്ടുണ്ട് എന്നും അറിയിക്കുമോ;

(ഇ) ശ്രീമതി നീലാ ഗംഗാധരനെ പ്രസ്തുത തസ്തികയിൽ നിയമിച്ചതായി സാമൂഹ്യനീതി വകുപ്പ് മന്ത്രി മാധ്യമങ്ങൾ വഴി അറിയിച്ച് ഒരു മാസം കഴിഞ്ഞിട്ടും ശ്രീമതി നീലാ ഗംഗാധരൻ പ്രസ്തുത പദവിയുടെ ചുമതല ഏറ്റെടുക്കാത്തത് സംബന്ധിച്ച് അവരോട് രേഖാമൂലം വിശദീകരണം ചോദിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

# കേരള നിയമസഭ
# 21.06.2013-ലെ മറുപടിക്ക്

(എഫ്) 15.04.2013-ലെ ഇന്റർവ്യൂവിനെ തുടർന്ന് രൂപീകരിച്ച പാനലിന് എന്നുവരെ കാലാവധി ഉണ്ട്;

(ജി) അട്ടപ്പാടിയിലെ ആദിവാസി ശിശുക്കളുടെ ദാരുണ മരണം നിരന്തരം സംഭവിക്കുന്ന സാഹചര്യത്തിലും, പ്രസ്തുത കമ്മീഷൻ അടിയന്തിരമായി രൂപീകരണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലും, ശ്രീമതി നീലാ ഗംഗാധരന് പകരം പ്രസ്തുത പാനലിൽ നിന്നും നിയമ പ്രകാരം മറ്റൊരാളെ ചെയർപേഴ്സൺ സ്ഥാനത്തേയ്ക്ക് നിയമിക്കുക എന്ന നിയമ വ്യവസ്ഥ പാലിക്കാൻ തയ്യാറാണോ എന്നറിയിക്കുമോ?

**കേരള നിയമസഭ**
**21.06.2013-ലെ മറുപടിക്ക്**

<u>മൂന്നാറിലെ ബഹുനില കെട്ടിടനിർമ്മാണ നിയന്ത്രണം</u>

3158 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ ബഹുനില കെട്ടിടങ്ങൾ ഉയർന്നുവരുന്നത് മൂലം പരിസ്ഥിതിയ്ക്ക് കോട്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദീകരിക്കാമോ;

(ബി) മൂന്നാറിൽ മൂന്നു നിലയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം മാത്രം നടത്തണമെന്ന നിയമം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) ആയതിന് നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ, ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

കെട്ടിട നികുതി പരിഷ്കരണത്തിനുള്ള നടപടി

3159 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങളിലെ കെട്ടിട നികുതി പരിഷ്കരണത്തിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഉടമകൾ സ്വയം വസ്തുനികുതി നിർണയം നടത്തുന്നതിന് സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച നികുതി റിട്ടേൺ ഫാറങ്ങളിലെ നടപടിക്രമങ്ങൾ അവസാനിപ്പിച്ചുവോ;

(സി) പ്രസ്തുത നിർദ്ദേശപ്രകാരം ഫാറങ്ങൾ അച്ചടിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി എന്ത് തുക ചെലവഴിച്ചു; വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>കെട്ടിടങ്ങൾക്ക് നിയമത്തിൽ ഇളവ് നൽകി കെട്ടിടാനുമതി</u>

3160 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കെട്ടിടങ്ങൾക്ക് നിയമത്തിൽ ഇളവ് നൽകി കെട്ടിടാനുമതി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ആയത് ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ കെട്ടിടങ്ങൾക്ക് ഈ രീതിയിൽ അനുമതി നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ എവിടെയാണെന്നും എന്ത് അടിസ്ഥാനത്തിലാണ് അനുമതി നൽകിയത് എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>വീടിന്റെ ഒന്നാം നിലയ്ക്ക് പ്രത്യേക കെട്ടിട നമ്പര്‍</u>

3161 ശ്രീ.എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പഞ്ചായത്ത് പരിധിക്കുള്ളില്‍ ഒരു വീടിന്റെ ഒന്നാം നിലയ്ക്ക് പ്രത്യേക കെട്ടിട നമ്പര്‍ നല്‍കാന്‍ അനുവദിച്ചിട്ടുണ്ടോ;

(ബി) ഒരാള്‍ക്ക് തന്റെ അനന്തരാവകാശിക്ക് ഇത്തരത്തില്‍ ഒന്നാം നില രജിസ്റ്റര്‍ ചെയ്യേണ്ടിവന്നാല്‍ നമ്പര്‍ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കില്‍ ഇത് സംബന്ധിച്ച ഉത്തരവുകളോ സര്‍ക്കുലറുകളോ നിലവിലുണ്ടോ; എങ്കില്‍ പകര്‍പ്പ് ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാൻ നടപടി</u>

T-3162 ശ്രീ.കെ.ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി.സി.വിഷ്ണുനാഥ്
,, എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ക്ഷേമപെൻഷനുകളും വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിച്ചത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

# കേരള നിയമസഭ
# 21.06.2013-ലെ മറുപടിക്ക്

<u>സാമൂഹ്യ സുരക്ഷാ പെൻഷൻ</u>

3163 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, പി. ബി. അബ്ദുൾ റസാക്
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ ഘടനയിൽ മാറ്റം വരുത്താനുള്ള നിർദ്ദേശങ്ങളെന്തെങ്കിലും പരിഗണനയിലുണ്ടോ;

(ബി) നിലവിലുള്ള സാമൂഹ്യസുരക്ഷാ പദ്ധതികൾ ഏതൊക്കെ; വ്യക്തമാക്കുമോ;

(സി) ഈ വ്യത്യസ്ത പദ്ധതികൾ ഏകീകരിച്ച് അർഹരായ എല്ലാവർക്കും പ്രതിമാസ പെൻഷൻ ആയിരം രൂപയായി വർദ്ധിപ്പിയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ശരീരം തളർന്നവർക്ക് പെൻഷൻ വാങ്ങുന്നതിനുള്ള ബുദ്ധിമുട്ട്</u>

3164 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെൻഷൻ പദ്ധതികളിൽ നിന്നുള്ള തുക ലഭിക്കുന്നതിന് ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കിയതുമൂലം ശരീരം തളർന്നതും, നടക്കാൻ സാധിക്കാത്തതുമായ ഒട്ടേറെ പേർക്ക് പെൻഷൻ വാങ്ങുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് എന്തു പരിഹാരനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ എന്ത് നടപടി സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**21.06.2013-ലെ മറുപടിക്ക്**

<u>വാർദ്ധക്യകാല പെൻഷൻ</u>

T-3165 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യകാല പെൻഷന് അർഹമാകുന്ന പ്രായപരിധി മറ്റ് സംസ്ഥാനങ്ങളെപ്പോലെ 60 വയസാക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ മുഖ്യമന്ത്രി നിയമസഭയിൽ ആയത് സംബന്ധിച്ച് നൽകിയ ഉറപ്പ് പ്രകാരം അടിയന്തിരമായി ഉത്തരവ് പുറപ്പെടുവിക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

മാരകരോഗബാധിതർക്കുള്ള പെൻഷൻ

3166 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള മാരകരോഗങ്ങളായ അർബുദം, ക്ഷയം, കുഷ്ഠം എന്നിവ ബാധിച്ചവർക്കുള്ള, പ്രതിമാസ പെൻഷൻ വർദ്ധനവിന്റെ ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത് എന്ന് വെളിപ്പെടുത്തുമോ;

(ബി) മാരകരോഗബാധിതർക്കുള്ള പെൻഷൻ വർദ്ധനവിന്റെ ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ കാലതാമസം മൂലം രോഗബാധിതർ നേരിടുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

വാർദ്ധക്യ - വിധവാ പെൻഷനുകൾ

3167 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യ - വിധവാ പെൻഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മാനദണ്ഡത്തിൽ ഇളവ് അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) എത്ര രൂപയാണ് പ്രതിമാസം വാർദ്ധക്യ-വിധവാ പെൻഷൻ ഇനത്തിൽ അർഹരായവർക്ക് നൽകുന്നത്; ഈ തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>വാർദ്ധക്യ - വിധവാ പെൻഷനുകൾ</u>

3168 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യ - വിധവാ പെൻഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റങ്ങൾ വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ എൽ. ഡി. ക്ലാർക്ക്, അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളിലെ നിയമനം</u>

3169

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പഞ്ചായത്തുകളിൽ പുതുതായി സൃഷ്ടിച്ച എൽ. ഡി. ക്ലാർക്ക്, അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളിലേക്ക് ഇതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്: വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ</u>

3170 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകളാണ് ഉളളത്;

(ബി) ഈ വിഭാഗത്തിന് ക്ലറിക്കൽ സ്റ്റാഫ് തസ്തിക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തസ്തികകളാണ് ഉളളത്; ഇതിൽ ഒഴിവുകൾ എത്രയെന്നറിയിക്കാമോ;

(സി) മുകളിൽ പറഞ്ഞ ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയിലെ തദ്ദേശ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒഴിവുകള്‍</u>

3171 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ തദ്ദേശവകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ വിവിധ തസ്തികകളില്‍ എത്ര ഒഴിവുകള്‍ ഉണ്ടെന്ന് തരംതിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകള്‍ നികത്തുന്നതിന് എന്തൊക്കെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ലൈബ്രേറിയൻ പി. കുഞ്ഞികൃഷ്ണന്റെ സ്ഥലംമാറ്റം</u>

3172 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൂളിയാർ പഞ്ചായത്ത് വക കസ്തൂർബാ ഗ്രന്ഥശാലയിലെ ലൈബ്രേറിയൻ പി. കുഞ്ഞികൃഷ്ണനെ സ്ഥലം മാറ്റിയിട്ടുണ്ടോ;

(ബി) പി. കുഞ്ഞികൃഷ്ണനെ സ്ഥലം മാറ്റാൻ ഉണ്ടായ കാരണമെന്ത്; സ്ഥലം മാറ്റം നൽകുന്നതിന് മുൻപ് നോട്ടീസ് നൽകിയിരുന്നോ;

(സി) പി. കുഞ്ഞികൃഷ്ണനെ ആരുടെ പരാതിപ്രകാരമാണ് സ്ഥലം മാറ്റിയത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പരാതി അന്വേഷിക്കുന്നതിനായി ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിച്ചിരുന്നോ; ഈ അന്വേഷണ ഉദ്യോഗസ്ഥൻ ആരുടെയൊക്കെ മൊഴിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്; ഇവരുടെ പേരും മേൽ വിലാസവും ലഭ്യമാക്കുമോ;

(ഇ) പഞ്ചായത്ത് പ്രസിഡന്റിന്റെയോ സെക്രട്ടറിയുടേയോ മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ; തെറ്റായ പരാതിയിൽ എടുത്ത സ്ഥലംമാറ്റം റദ്ദുചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>പഞ്ചായത്ത് വകുപ്പിൽ ഓവർസിയർ ഗ്രേഡ് -3 തസ്തികയിൽ നിയമനം</u>

3173 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ഓവർസിയർ ഗ്രേഡ് -3 തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുള്ളതെന്ന്; ഇതിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത തസ്തികയിൽ കാസർഗോഡ് ജില്ലയിൽ നിലവിലുള്ള ഒഴിവുകൾ എത്ര;

(ഡി) ഒഴിവുകളുണ്ടായിട്ടും മേൽ ലിസ്റ്റിൽപ്പെട്ടവർക്ക് നിയമനം നൽകാതിരിക്കുന്നതിന്റെ കാരണമെന്ത്;

(ഇ) മേൽ റാങ്ക് ലിസ്റ്റിൽപ്പെട്ടവർക്ക് നിയമനം നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ ഒഴിവുകൾ

3174 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് ജീവനക്കാരുടെ കുറവുകളുള്ളത്; ഏതെല്ലാം തസ്തികകളുടെ കുറവുകളാണുള്ളത്; വിശദമാക്കുമോ;

(ബി) കഴിഞ്ഞ മാസങ്ങളിൽ ആലപ്പുഴ ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും വിരമിച്ച ജീവനക്കാരുടെ എണ്ണവും അവരുടെ തസ്തികകളും വ്യക്തമാക്കുമോ; വിരമിച്ചതുമൂലം ഉണ്ടായ എല്ലാ ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ള എല്ലാ തസ്തികകളിലേക്കും പി.എസ്.സി. മുഖേന നിയമനം നടത്തിയിട്ടുണ്ടോ;

(സി) ആലപ്പുഴ ജില്ലയിലെ പഞ്ചായത്തുകളിൽ ഉണ്ടായ ജീവനക്കാരുടെ ഒഴിവുകൾ പി.എസ്.സി. റാങ്ക്ലിസ്റ്റ് നിലനിന്നിട്ടും നിയമനം നടത്താതെ നിലനിർത്തിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; ഈ ഒഴിവുകളിൽ പി.എസ്.സി. റാങ്ക്ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വകുപ്പിലെ ഉദ്യോഗസ്ഥർ

3175 ശ്രീ.എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വകുപ്പിൽ നിലവിലുള്ള ഉദ്യോഗസ്ഥരുടെ കാറ്റഗറി തിരിച്ചുളള എണ്ണം വ്യക്തമാക്കുമോ;

(ബി) എല്ലാ ഗ്രാമ പഞ്ചായത്തുകളിലും അസിസ്റ്റന്റ് എൻജിനീയർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ വകുപ്പിൽ പുതിയ തസ്തികകൾ</u>

3176

ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ അധിക തസ്തിക അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ പുതിയ തസ്തികകൾ അനുവദിക്കുമോ;

(ബി) എല്ലാ ജില്ലകളിലും സെക്രട്ടറിയേറ്റ് പൊതുഭരണ വകുപ്പിന്റെ കീഴിൽ പഞ്ചായത്ത് ഇൻസ്പെക്ഷൻ വിംഗ് രൂപീകരിക്കുന്നതു പരിഗണിക്കുമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

സി. ഡി. എസ്. അക്കൗണ്ടന്റുമാരെ പിരിച്ചുവിട്ട നടപടി

3177 ശ്രീ. എം. എ. ബേബി
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. രാധാകൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള കുടുംബശ്രീയിലെ സി. ഡി. എസ്. അക്കൗണ്ടന്റുമാരെ പിരിച്ചുവിട്ട് പുതുതായി അക്കൗണ്ടന്റുമാരെ തെരഞ്ഞെടുക്കുന്നതിനിടയായ സാഹചര്യം എന്തായിരുന്നു;

(ബി) പിരിച്ചുവിടലിനെത്തുടർന്ന് സി. ഡി. എസ്. ചെയർപേഴ്സൺമാർ ജില്ലാ യോഗങ്ങൾ ബഹിഷ്ക്കരിക്കുന്നതായ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതുതായി തെരഞ്ഞെടുക്കുന്നവർക്കുള്ള പരിശീലന പരിപാടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) സി. ഡി. എസ്. അക്കൗണ്ടന്റുമാരെ പിരിച്ചുവിടൽ കുടുംബശ്രീ പ്രവർത്തനങ്ങൾ സ്തംഭിപ്പിച്ചിരിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 21.06.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ ക്രൈം മാപ്പിംഗ്</u>

3178 ശ്രീ. സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ക്രൈം മാപ്പിംഗ് പൂർത്തിയാക്കാൻ എന്തെല്ലാം പരിപാടിയാണ് ആസൂത്രണം ചെയ്തത്; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ആയതുമായി സഹകരിച്ചത്; വിശദമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ആയതിനായുള്ള പ്രവർത്തനങ്ങളിൽ എന്തെല്ലാം പുരോഗതി നേടിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ ആക്ട് പ്രകാരം പദ്ധതികൾ</u>

3179

ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ (പി. പി. പി.) ആകട് പ്രകാരം പഞ്ചായത്തുകളിൽ ഏതെങ്കിലും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾ; വ്യക്തമാക്കാമോ;

(ബി) ആയതിനായി കേന്ദ്ര സർക്കാരിൽ നിന്നും എത്ര രൂപയുടെ ധനസഹായം ലഭ്യമായി; വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>മാനസിക രോഗാശുപത്രി വിടുന്നവരുടെ പുനരധിവാസം</u>

3180 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനസിക രോഗാശുപത്രി വിടുന്ന രോഗികളുടെ പുനരധിവാസത്തിനുള്ള സംവിധാനമെന്താണ്; വിശദമാക്കുമോ;

(ബി) ആയതിനായി എല്ലാ ജില്ലകളിലും സാമുഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രത്യേക കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള പദ്ധതി നടപ്പാക്കിക്കഴിഞ്ഞോ;

(സി) എങ്കിൽ അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത്; വിശദാംശം നല്കാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>വയനാട്ടിൽ പുനരധിവാസ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി</u>

3181 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിനു കീഴിൽ വയനാട്ടിൽ പുനരധിവാസ കേന്ദ്രം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിനായി ഏതെങ്കിലും ഏജൻസിയുടെ സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാനായി ഏതെല്ലാം സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

കാസർകോട്ടെ ബാലവേലക്കെതിരെ നടപടി

3182 ശ്രീ.കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരസഭയ്ക്കകത്ത് സമ്പന്നരുടെ വീടുകളിൽ ബാലവേല ചെയ്യുന്നവരെ കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ബാലവേലക്കാർ ജോലി ചെയ്യുന്നു; ഇവർ ജോലി ചെയ്യുന്നത് ആരുടെയൊക്കെ വീടുകളിലാണ്;

(സി) ബാലവേല ചെയ്യിക്കുന്ന വീട്ടുടമസ്ഥർക്കെതിരെ നാളിതുവരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 21.06.2013-ലെ മറുപടിക്ക്

<u>വികലാംഗ പുനരധിവാസം</u>

T-3183 ശ്രീ.സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വികലാംഗ പുനരധിവാസത്തിന് വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് എന്ത് പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നതിന് നിയമം</u>

T-3184 ശ്രീ.റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കേണ്ടത് മക്കളുടെ ചുമതലയാണ് എന്ന നിയമം കൊണ്ടുവരുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ മാതാപിതാക്കളെ അവഗണിക്കുന്ന മക്കളെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി പ്രസ്തുത നിയമം പാസ്സാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>വികലാംഗ ക്ഷേമ കോർപ്പറേഷൻ പദ്ധതികൾ</u>

3185 ശ്രീ.ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഈ സർക്കാരിന്റെ കാലത്ത് വികലാംഗ ക്ഷേമ കോർപ്പറേഷൻ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിവരം പദ്ധതി തിരിച്ച് വാർഷികാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) പുതിയതായി വികലാംഗക്ഷേമ കോർപ്പറേഷൻ ആരംഭിക്കുവാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം; വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**21.06.2013-ലെ മറുപടിക്ക്**

<u>അന്നദായിനി പദ്ധതി</u>

3186

ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാമിഷൻ നടപ്പാക്കുന്ന അന്നദായിനി പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കിവരുന്നത്;

(ബി) ഓരോ ജില്ലയിലും എത്ര ട്രൈബൽ കോളനികളിൽ ഭക്ഷണം നൽകിവരുന്നു; ഓരോ കോളനിയിലും എത്ര പേർക്ക് വീതം ഭക്ഷണം നല്കുന്നു; വിശദാംശം നല്കാമോ;

(സി) കൂടുതൽ കോളനികളിൽ ഭക്ഷണം നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഭക്ഷണവിതരണത്തിന് പ്രതിമാസം എന്ത് തുക ചെലവാകുന്നുണ്ട്?

**കേരള നിയമസഭ**
**21.06.2013–ലെ മറുപടിക്ക്**

<u>വയോമിത്രം പദ്ധതി</u>

3187 ശ്രീ. കെ. ശിവദാസൻ നായർ
,, ബെന്നി ബെഹനാൻ
,, പി. എ. മാധവൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയോമിത്രം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത്;

(സി) വൃദ്ധജനങ്ങളുടെ പരിരക്ഷയ്ക്ക് എന്തെല്ലാം സഹായങ്ങളാണ് പദ്ധതി വഴി നൽകുന്നത്;

(ഡി) പദ്ധതിയ്ക്കായി തുക ചെലവഴിക്കുന്നതിൽ മുൻ സർക്കാരിനെക്കാളും പുരോഗതി ഈ സർക്കാരിന്റെ കാലത്ത് നേടിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>നബാര്‍ഡ് സഹായത്തോടെ അംഗന്‍വാടി നവീകരണം</u>

3188

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഒരു നിയോജകമണ്ഡലത്തില്‍ 5 അംഗന്‍വാടികളെങ്കിലും നവീകരിക്കുന്നതിന് ലക്ഷ്യമിട്ട് നബാര്‍ഡ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നല്‍കുമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>പ്രീപ്രൈമറി/അംഗൻവാടി വർക്കർമാർക്ക് പരിശീലനം</u>

3189 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീപ്രൈമറി/അംഗൻവാടിവർക്കർമാർക്ക് സർക്കാർ തലത്തിൽ പരിശീലനങ്ങൾ/പിന്തുണ സംവിധാനം എന്തെല്ലാം;

(ബി) നിലവിൽ ഇവർക്ക് അക്കാദമിക് നിലവാരത്തിൽ എന്തെങ്കിലും കൈപുസ്തകങ്ങളോ പഠന സാമഗ്രികളോ നൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ മാതൃകാ അംഗൻവാടി

3190 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് മാതൃകാ അംഗൻവാടി സ്ഥാപിക്കുന്നതിലേയ്ക്ക് എത്ര ലക്ഷം രൂപയുടെ ഭരണാനുമതി എന്ന് നൽകി;

(ബി) പ്രസ്തുത പ്രവർത്തനത്തിന്റെ നാളിതുവരെയുള്ള പുരോഗതി വ്യക്തമാക്കുമോ; കാലതാമസം ഒഴിവാക്കി പദ്ധതി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>മാതൃകാ അംഗൻവാടികൾ</u>

3191 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ അംഗൻവാടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ എവിടെയെല്ലാമാണെന്നും ആയതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>അംഗൻവാടികൾ വഴി വിതരണം ചെയ്യുന്ന</u>
<u>പോഷകാഹാരങ്ങൾ, മരുന്നുകൾ</u>

3192 ശ്രീ.എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടികൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരങ്ങൾ, മരുന്നുകൾ എന്നിവ ഏതൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) കുട്ടികൾ, ഗർഭിണികൾ, മറ്റുള്ളവർ എന്നിവർക്ക് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള പോഷകാഹാരത്തിന്റെ അളവ് എത്ര; ഈ അളവിൽ നൽകുന്നതിനു ഒരാൾക്കുള്ള ചെലവ് എത്ര; വിശദമാക്കുമോ;

(സി) അംഗൻവാടികൾ വഴി പോഷകാഹാരങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ചെലവ് എപ്രകാരം; ഏതെല്ലാം സ്ഥാപനങ്ങളാണ് വഹിക്കുന്നത്;

(ഡി) പ്രസ്തുത തുക മുൻകൂറായാണോ നൽകുന്നത്; തുക യഥാസമയം ലഭിക്കാത്തത് പോഷകാഹാര വിതരണത്തെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അട്ടപ്പാടിയിലെ അംഗൻവാടികളിൽ കഴിഞ്ഞ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ വിതരണം ചെയ്ത ഭക്ഷ്യ സാധനങ്ങൾ, പോഷകാഹാരങ്ങൾ എന്നിവ ഏതൊക്കെയാണ് ഇനം തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

ഒരു മണ്ഡലത്തിൽ ഒരു മാതൃകാ അംഗൻവാടി - പകൽവീട്

3193 ശ്രീ.പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു മണ്ഡലത്തിൽ ഒരു മാതൃക അംഗനവാടി-പകൽവീട് എന്ന പദ്ധതിയിൻ കീഴിൽ 2013-14 വർഷത്തിൽ പുതിയവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പകൽവീട് പദ്ധതി കേരളത്തിലെ വൃദ്ധർക്ക് ഒത്തുകൂടുന്നതിനും, മാനസികോല്ലാസത്തിനും ഏറെ ഗുണകരമായതിനാൽ എല്ലാ പഞ്ചായത്തുകളിലും ഈ പദ്ധതിയിൽ ഒരെണ്ണം വീതം അംഗൻവാടി -കം- പകൽ വീട് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.06.2013-ലെ മറുപടിക്ക്**

മാതൃകാ അംഗൻവാടികൾ

3194 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ എത്ര മാതൃകാ അംഗൻവാടികൾ നിർമ്മിക്കുവാനുള്ള ഉത്തരവാണ് ഇറങ്ങിയിട്ടുള്ളത്; എവിടെയെല്ലാമാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്; എത്ര രൂപയാണ് ഒരു അംഗൻവാടിക്ക് നിർമ്മാണ തുക കണക്കാക്കിയിട്ടുള്ളത്;

(ബി) ആയതിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നത് ആരാണ്; നിർമ്മാണം നടത്തുന്നത് ആരാണ്; എം. എൽ.എ ഫണ്ട് വിഹിതം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) എം.എൽ.എ ഫണ്ട് മറ്റ് ഏതെങ്കിലും ഫണ്ടുമായി കൂട്ടിച്ചേർത്ത് ഉപയോഗിക്കുന്നുവെങ്കിൽ ധനകാര്യ വകുപ്പ് പ്രത്യേക ഉത്തരവിറക്കേണ്ടതുണ്ടെന്നറിയാമോ; അപ്രകാരം ഉത്തരവിറക്കിയിരുന്നോ;

(ഡി) അരൂർ മണ്ഡലത്തിലെ പാണാവള്ളി പഞ്ചായത്തിലെ മാതൃകാ അംഗൻവാടിയുടെ നിർമ്മാണം എന്ന് ആരംഭിക്കും; അരൂർ മണ്ഡലത്തിൽ നബാർഡ് സഹായത്തോടെ 5 സെന്റ് വീതമുള്ള ഏതെല്ലാം അംഗൻവാടികൾക്കാണ് പുതിയ കെട്ടിടം അനുവദിക്കുന്നത്; ഇതുവരെ അനുവദിച്ചിട്ടില്ലെങ്കിൽ ആയത് അനുവദിക്കുവാനുള്ള സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>നബാർഡിന്റെ സഹായത്തോടെ നിർമ്മിച്ച അംഗനവാടികൾ</u>

3195 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ 2012-2013 കാലയളവിൽ നബാർഡിന്റെ സഹായത്തോടെ എത്ര അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ എലത്തൂർ നിയോജക മണ്ഡലത്തിലെ എത്ര അംഗനവാടികൾക്ക് നബാർഡിന്റെ സഹായത്തോടെ കെട്ടിടം പണിയുന്നതിനുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇവയുടെ പഞ്ചായത്ത് തിരിച്ചുള്ള പേര് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ ഹരിത സാങ്കേതിക കേന്ദ്രങ്ങൾ</u>

3196 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ഹരിത സാങ്കേതിക കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഹരിത സാങ്കേതിക കേന്ദ്രത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) കരുനാഗപ്പള്ളി മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>കാരുണ്യ നിക്ഷേപ പദ്ധതി</u>

3197

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ നിക്ഷേപ പദ്ധതി വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതി വഴി ഇപ്പോൾ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ ആനുകൂല്യം 18 വയസ്സിനുമുകളിലുള്ളവർക്കുകൂടി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) പദ്ധതിയുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കേരള സാമൂഹ്യസുരക്ഷാ മിഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ സർക്കാർ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>'സ്നേഹപൂർവ്വം' പദ്ധതി</u>

3198 ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സ്നേഹപൂർവ്വം' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വൈപ്പിൻ മണ്ഡലത്തിലെ എത്ര പേരാണ് അപേക്ഷ സമർപ്പിച്ചിട്ടുളളത്; അർഹരായവർ എത്രപേരെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>കാട്ടുപറമ്പ് ശ്മശാന നവീകരണം പദ്ധതി</u>

3199 ശ്രീ.പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ നന്നംമുക്ക് ഗ്രാമ പഞ്ചായത്ത് കാട്ടുപറമ്പ് ശ്മശാന നവീകരണം പദ്ധതിക്കായി പഞ്ചായത്ത് വകുപ്പ് പണം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) ശവസംസ്ക്കാരം നടത്തുന്നതിനായി ഗ്യാസ് ചൂള സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>സാമൂഹ്യ സുരക്ഷാ മിഷൻ വഴി ജീവകാരുണ്യ പദ്ധതി</u>

3200 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാമിഷന് സ്ഥിരമായി സംഭാവന നൽകാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയോ;

(ബി) സാമൂഹ്യ സുരക്ഷാമിഷന് 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശം വെവ്വേറെ ലഭ്യമാക്കുമോ;

(സി) 2012-13-ൽ 'സാമൂഹ്യ സുരക്ഷാമിഷൻ' വഴി സംസ്ഥാനത്ത് നടപ്പാക്കിയ ജീവകാരുണ്യ പദ്ധതികളും പ്രവർത്തനങ്ങളും എന്തൊക്കെ; വ്യക്തമാക്കുമോ;

(ഡി) ആയതിനായി ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവും എന്ത് തുക വകയിരുത്തി; എന്ത് തുക അനുവദിച്ചു നൽകി; എത്ര ചെലവാക്കി, എത്ര ലാപ്സാക്കി; വിശദമാക്കുമോ;

(ഇ) മിഷൻ പ്രവർത്തനങ്ങൾക്ക് കേന്ദ്രം സഹായം നൽകുന്നുണ്ടോ; വിശദമാക്കുമോ;

(എഫ്) മിഷൻ, വൃക്കരോഗികൾ ഉൾപ്പെടെ വിവിധ രോഗികൾക്ക് സഹായം നൽകുന്നുണ്ടോ; എപ്രകാരമുള്ള സഹായ പ്രവർത്തനങ്ങളാണ് നൽകി വരുന്നത്; വ്യക്തമാക്കുമോ?

(ജി) ഇത്തരത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പേർക്ക് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട്; ആയതിനായി എന്ത് തുക ചെലവാക്കി; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എച്ച്) സാമൂഹ്യ സുരക്ഷാമിഷന്റെ പ്രവർത്തന മേഖലയിൽ ചികിത്സാ സഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേർക്ക് സഹായം നൽകാൻ ഈ സർക്കാർ

ച്ചു; എത്ര പേർക്ക് സഹായം നൽകാൻ ഈ സർക്കാർ അധികാരമേറ്റശേഷം സാധിച്ചു; വിശദമാക്കുമോ;

(ഐ) മിഷന്റെ പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പരസ്യങ്ങൾക്കായി എന്ത് തുക ചെലവാക്കിയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ഗ്രാമസഭകളെ സജീവമാക്കുന്നതിന് പദ്ധതി</u>

3201 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമസഭാ യോഗനടപടികൾ പ്രഹസനമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമസഭകളെ സജീവമാക്കുന്നതിനും പദ്ധതി രൂപീകരണത്തിൽ ജനകീയ ഇടപെടലുകൾ കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും;

(സി) കൃത്യമായി ഗ്രാമസഭ ചേരാത്ത പഞ്ചായത്ത് ഭരണസമിതികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നുണ്ടോ; എങ്കിൽ ആയതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ?

**കേരള നിയമസഭ**
**21.06.2013-ലെ മറുപടിക്ക്**

ആശ്വാസ കിരണം പദ്ധതി

3202 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശയ്യാവലംബികളായ രോഗികളുടേയും വൃദ്ധരുടേയും കൂട്ടിരിപ്പുകാർക്ക് പ്രതിമാസ സഹായധനം ലഭ്യമാകുന്ന 'ആശ്വാസ കിരണം' പദ്ധതിയിൽ നിന്നും സഹായം ലഭിക്കുവാൻ എന്തെല്ലാം നടപടിക്രമങ്ങളാണുള്ളത്; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്താകെ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
# 21.06.2013-ലെ മറുപടിക്ക്

<u>മാലിന്യ സംസ്കരണത്തിനായുള്ള മാതൃകാ പദ്ധതികൾ</u>

T3203 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്ക്കരണത്തിനായി പുതിയ മാതൃകാ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) നഗരങ്ങളിലും പഞ്ചായത്തുകളിലും പെരുകുന്ന മാലിന്യം സംസ്ക്കരിക്കുന്നതിനായി ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.06.2013-ലെ മറുപടിക്ക്**

<u>പഞ്ചായത്തുകളിൽ പഞ്ചവൽസര പദ്ധതി</u>

3204 ശ്രീ. പി. എ. മാധവൻ
'' വി. പി. സജീന്ദ്രൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പഞ്ചവൽസര പദ്ധതി നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് ചെയ്തിട്ടുള്ളത്;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിച്ചത്;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിൽ എന്തെല്ലാം പുരോഗതികൾ നേടിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

ആശ്വാസ കിരണം പദ്ധതി

3205 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, പി. സി. വിഷ്ണുനാഥ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്വാസ കിരണം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്;

(സി) ശയ്യാവലംബരമായ രോഗികളെയും, മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെയും പരിചരിക്കുന്നവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന ലഭ്യമാക്കാനുദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിക്കായി തുക ചെലവഴിക്കുന്നതിൽ മുൻ സർക്കാരിനെക്കാളും എന്തെല്ലാം പുരോഗതി ഈ സർക്കാരിന്റെ കാലത്ത് നേടിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>സ്നേഹ സാന്ത്വനം പദ്ധതി</u>

3206 ശ്രീ. ലൂഡി ലൂയിസ്
'' കെ. ശിവദാസൻ നായർ
'' പാലോട് രവി
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്നേഹ സാന്ത്വനം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിനടത്തിപ്പുമായി സഹകരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) എൻഡോ സൾഫാൻ ദുരിത ബാധിതർക്ക് എന്തെല്ലാം സഹായങ്ങളാണ് പദ്ധതി മുഖാന്തിരം നൽകുന്നത്;

(ഡി) പദ്ധതിയ്ക്കായി തുക ചെലവഴിക്കുന്നതിൽ മുൻ സർക്കാരിനെക്കാളും പുരോഗതി ഈ സർക്കാരിന്റെ കാലത്ത് നേടിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>കരുതൽ, സാന്ത്വനം, ആശ്വാസ പരിരക്ഷ പദ്ധതികൾ</u>

3207 ശ്രീ. ജോസഫ് വാഴക്കൻ
'' റ്റി. എൻ. പ്രതാപൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ മിഷൻ 'കരുതൽ', 'സാന്ത്വനം', 'ആശ്വാസ' പരിരക്ഷ എന്നീ പദ്ധതികൾക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദമാക്കുമോ;

(ബി) സാമൂഹ്യ സുരക്ഷാ മിഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളെയും ജനങ്ങളെയും പങ്കാളികളാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ആയതിന് സംഭാവനകൾ നൽകുവാൻ എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്;

(ഡി) ആയത് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

**കേരള നിയമസഭ**
**21.06.2013-ലെ മറുപടിക്ക്**

<u>കാര്‍ഷിക മേഖലയിലെ പദ്ധതികള്‍</u>

3208 ശ്രീ. എസ്. ശര്‍മ്മ
,, എ. പ്രദീപ് കുമാര്‍
,, ബാബു എം. പാലിശ്ശേരി
,, സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നടപ്പുവര്‍ഷത്തെ വാര്‍ഷിക പദ്ധതിയില്‍ കാര്‍ഷിക മേഖലയിലെ ഉല്പാദന വര്‍ദ്ധനവിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് വെളിപ്പെടുത്തുമോ;

(ബി) മുന്‍വര്‍ഷത്തെ വാര്‍ഷിക പദ്ധതിയില്‍ കാര്‍ഷിക മേഖലയില്‍ നടപ്പാക്കിയ പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കാമോ;

(സി) പദ്ധതികളുടെ നടത്തിപ്പിന് എന്ത് തുകയാണ് പ്രസ്തുത വര്‍ഷം നീക്കിവെച്ചത്; എത്ര തുക ചെലവായി;

(ഡി) കാര്‍ഷിക മേഖലയുമായി ബന്ധപ്പെട്ട് നടപ്പുവര്‍ഷത്തെ വാര്‍ഷിക പദ്ധതിയുടെ എത്ര ശതമാനമാണ് നീക്കിവെച്ചിട്ടുള്ളതെന്നറിയിക്കാമോ?

# കേരള നിയമസഭ
# 21.06.2013-ലെ മറുപടിക്ക്

<u>'സ്നേഹപൂർവ്വം' പദ്ധതി</u>

3209 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കൾ ഇല്ലാത്ത കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ആവിഷ്കരിച്ചിട്ടുള്ള 'സ്നേഹപൂർവ്വം' എന്ന പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചു തുടങ്ങിയിട്ടുണ്ടോ;

(ബി) അങ്കമാലി നിയോജക മണ്ഡലത്തിലെ മാതാപിതാക്കൾ ഇല്ലാത്ത അർജ്ജുൻ, അഞ്ജന തുടങ്ങിയ കുട്ടികളുടെ വിദ്യാഭ്യാസ ധനസഹായത്തിനായി പ്രസ്തുത കുട്ടികളുടെ അമ്മൂമ്മ ശ്രീമതി അമ്മിണി, പൈപ്പാറ, മൂന്നാംപറമ്പ്, കറുകുറ്റി സമർപ്പിച്ചിട്ടുള്ള അപേക്ഷ എന്നത്തേക്ക് പരിഗണിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

അട്ടപ്പാടിയിലെ സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രവർത്തനം

3210 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ എത്ര ഐ. സി. ഡി. എസ്. കേന്ദ്രങ്ങൾ ഉണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഐ. സി. ഡി. എസ്. കേന്ദ്രങ്ങളുടെ പേരുവിവരവും ജീവനക്കാരുടെ വിവരങ്ങളും നൽകുമോ;

(സി) പോഷകാഹാരക്കുറവുമൂലം കുഞ്ഞുങ്ങൾ മരിക്കുവാനിടയായ സാഹചര്യത്തിൽ സാമൂഹ്യക്ഷേമവകുപ്പിന് വീഴ്ച പറ്റിയതായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>സാമൂഹിക സുരക്ഷിതത്വ മിഷന്റെ ജീവകാരുണ്യ പദ്ധതികൾ</u>

3211 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹിക സുരക്ഷിതത്വ മിഷൻ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജീവകാരുണ്യ പദ്ധതികൾ ഏതെല്ലാം;

(ബി) പുതിയതായി എന്തെല്ലാം പദ്ധതികൾ ആയതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുവാനുദ്ദേശിക്കുന്നു; വിശദാംശം അറിയിക്കുമോ ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വിനിയോഗം</u>

3212 ശ്രീ.എളമരം കരീം
,, റ്റി.വി.രാജേഷ്
പ്രൊഫ.സി. രവീന്ദ്രനാഥ്
ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴക്കാലത്തുണ്ടാകുന്ന പകർച്ചവ്യാധികളും മാരക രോഗങ്ങളും തടയുന്നതിന് മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയോ എന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ശുചിത്വ മിഷൻ മുഖേന ശുചീകരണ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര കോടി രൂപ അനുവദിച്ചു;

(സി) അനുവദിച്ച ഫണ്ടിൽ എത്ര തുക ചെലവഴിച്ചു; ഇനി ചെലവഴിക്കാൻ ബാക്കി എത്ര; വിശദമാക്കുമോ;

(ഡി) അനുവദിച്ച തുക ഒട്ടും ചെലവഴിക്കാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട്; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

ശുചിത്വ മിഷൻ പ്രവർത്തനം

3213 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് 'ശുചിത്വമിഷൻ' വഴി ഈ സർക്കാർ എന്ത് പ്രവർത്തനങ്ങളാണ് നടപ്പാക്കികൊണ്ടിരിക്കുന്നത്; വിശദമാക്കുമോ;

(ബി) 'ശുചിത്വ മിഷൻ' പ്രവർത്തനം ഫലപ്രദമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 'ശുചിത്വ മിഷൻ' പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ ഓരോ വർഷവും എന്ത് തുക വീതം അനുവദിച്ചു; ഈ തുകയിൽ എന്ത് തുക ചെലവാക്കി; എന്ത് തുക ലാപ്സായി; വ്യക്തമാക്കുമോ;

(ഡി) ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന് കീഴിൽ ശുചിത്വമിഷന് എന്ത് തുക കേന്ദ്രസർക്കാർ അനുവദിച്ചു; ആയതിൽ എന്ത് തുക ചെലവഴിച്ചു; എന്ത് തുക ലാപ്സായി; 2011 മുതൽ 2013 വരെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചതും, ചെലവഴിച്ചതും, ലാപ്സായതും എന്തു തുക വീതമെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) 'ശുചിത്വമിഷൻ' പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>പരിസ്ഥിതിക്ക് അനുകൂലമായ ടോയ്‌ലറ്റ് സംവിധാനം</u>

3214

ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വിവിധ പഞ്ചായത്തുകൾക്ക് അനുവദിച്ച ഇക്കോസാൻ ടോയ്‌ലറ്റുകൾക്ക് പകരം പരിസ്ഥിതിക്ക് അനുകൂലമായ ടോയ്‌ലറ്റ് സംവിധാനം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>പ്ലാന്റേഷൻ മേഖലയിൽ കമ്മ്യൂണിറ്റി ടോയ്ലറ്റ് നിർമ്മാണം</u>

T3215 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ മേഖലയിൽ തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളിൽ കമ്മ്യൂണിറ്റ് ടോയ്ലറ്റ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് വിധത്തിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ
തിരുവനന്തപുരം, സെക്രട്ടറി
2013 ജൂൺ 12.

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)]